

മലങ്കര സുറിയാനി കത്തോലിക്കാ സഭ

യുവജനദിന സന്ദേശം-2026

ബഹു. വൈദികരെ, സമർപ്പിതരെ, പ്രിയ വിശ്വാസികളെ, ഏറെ സ്നേഹം നിറഞ്ഞ യുവജനങ്ങളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷത്തെ യുവജന ദിനാഘോഷം എം.സി.വൈ.എം.ന്റെ സ്വർഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുന്നാൾ ദിനമായ 2026 ഒക്ടോബർ 4 ഞായറാഴ്ച ആചരിക്കുകയാണ്. ഈ വർഷം ആഗോള കത്തോലിക്കാ സഭ വി. ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗപ്രവേശനത്തിന്റെ 800-ാം വാർഷികം ആഘോഷിക്കുകയാണ്. രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വി. ഫ്രാൻസിസിനെപ്പോലെ ക്രിസ്തുവിനെ അടുത്തനുകരിക്കാനും മറ്റൊരു ക്രിസ്തുവായി മാറാനും യുവജനങ്ങൾക്ക് സാധിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഈ ജൂബിലി വർഷത്തിൽ ഏറ്റവും അനുഗ്രഹീതമായ രീതിയിൽ യുവജനദിനം ആചരിക്കാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയിലെ എല്ലാ യുവജനങ്ങൾക്കും യുവജന ദിനത്തിന്റെ അനുഗ്രഹങ്ങൾ ഞാൻ സ്നേഹപൂർവം ആശംസിക്കുന്നു.

വിശുദ്ധിയിലേയ്ക്കുള്ള വിളി സ്വാതന്ത്ര്യത്തിലേയ്ക്കും

വിശുദ്ധരാകാനുള്ള വിളിയാണ് എല്ലാ മനുഷ്യരും സ്വീകരിച്ചിട്ടുള്ളത്. "നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവർത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (1 പത്രോ 1:15) എന്ന വി. പത്രോസിന്റെ ആഹ്വാനം എല്ലാ കാലഘട്ടത്തിലും പ്രസക്തമാണ്. പാപത്തിൽ നിന്ന് അകന്നും ദൈവകൃപയിൽ ജീവിച്ചുമാണ് നാം വിശുദ്ധിയിൽ വളരുന്നത്. അതായത്, ദൈവകൃപ കൂടാതെ വിശുദ്ധിയിൽ ജീവിക്കുക അസാധ്യമാണ്. മാമോദീസായിലൂടെ നാം സ്വീകരിച്ച കൃപ നഷ്ടപ്പെടുത്താതിരിക്കാനും ആ കൃപയുടെ വർദ്ധനവ് സാധ്യമാകുന്ന കൂദാശകളുടെ തുടർ സ്വീകരണവുമാണ് വിശുദ്ധിയുടെ പടവുകൾ കയറാൻ നമ്മെ സഹായിക്കുന്നത്.

പാപബന്ധനങ്ങളിൽ നിന്ന് വിടുതൽ പ്രാപിക്കുമ്പോഴാണ് ഒരാൾ പൂർണ സ്വാതന്ത്ര്യത്തിലേയ്ക്ക് കടക്കുന്നത്. യഥാർത്ഥമായ സ്വാതന്ത്ര്യം ക്രിസ്തുവിൽ നാം വിശുദ്ധ ജീവിതം നയിക്കുമ്പോൾ ലഭിക്കുന്നതാണ്. പാപത്തിൽ അകന്നിരിക്കാനും മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കാനും ബോധപൂർവം പരിശ്രമിക്കുമ്പോഴാണ് ആന്തരീകവും ബാഹ്യവുമായ സ്വാതന്ത്ര്യം നാം അനുഭവിക്കുന്നത്. ക്രിസ്തു കുരിശിലൂടെ നമുക്ക് നേടിത്തന്നതും ഈ സ്വാതന്ത്ര്യമാണ്. ക്രിസ്തു ശിഷ്യന്റെ സ്വാതന്ത്ര്യം അതിന്റെ സമഗ്രതയിൽ ആസ്വദിക്കുകയും ജീവിക്കുകയും ചെയ്ത വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം യുവജനങ്ങൾ മാതൃകയായി സ്വീകരിക്കണം.

കൃപയുടെ നിറവിനുള്ള പ്രായോഗിക വഴികൾ

വിശുദ്ധിയിൽ വളരാൻ നമ്മെ പ്രാപ്തരാക്കുന്ന കൃപ ദൈവത്തിന്റെ സൗജന്യദാനമാണ്. നാം പ്രാപിക്കുന്ന എല്ലാ കൃപകളുടെയും ഉറവിടം ക്രിസ്തു ആയതിനാൽ കൃപ സമൃദ്ധമായി പ്രാപിക്കാനുള്ള ഏകവഴി അവനോട് ചേർന്ന് നിൽക്കുക എന്നതു മാത്രമാണ്. കൃപ സൗജന്യമെന്ന് പറയുമ്പോൾ നിഷ്ക്രിയമായ ഒരു ജീവിത ക്രമത്തെ അത് വിവക്ഷിക്കുന്നില്ല. കൃപ പ്രാപിക്കാനായി നാം ഒരുങ്ങേണ്ടതും കൃപ സ്വീകരിച്ചാൽ അതിനനുസരിച്ച് നാം ജീവിക്കേണ്ടതും ഈ സൗജന്യദാനത്തിന്റെ പൂരകമായ പ്രവർത്തികളാണെന്ന് നാം വിസ്മരിക്കരുത്. "കൃപയ്ക്ക് മേൽ കൃപ" (യോഹ 1:16) പ്രാപിക്കുന്നതാണ് യഥാർത്ഥമായ വിശ്വാസ വളർച്ച. അതിന് ക്രിസ്തുതന്നെ ഉറപ്പായി വാഗ്ദാനം ചെയ്ത രണ്ടുവഴികളുണ്ട്.

1. ജീവന്റെ വചനം: വചനത്തോടുള്ള ബന്ധം അത് ക്രിസ്തുവിനോടുള്ള ബന്ധമാണ്. വചനത്തെ ധ്യാനിക്കുന്നവൻ ആറ്റരികത്തു നട്ടിരിക്കുന്നതും യഥാകാലം ഫലം നൽകുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെയാണ് എന്നാണ് സങ്കീർത്തകൻ (1:3) ഓർമിപ്പിക്കുന്നത്. വചനാഭിഷേകത്തിലൂടെ കൃപാഭിഷേകത്തിലേയ്ക്ക് നമുക്ക് വളരാൻ സാധിക്കും. ആയതിനാൽ, എല്ലാ യുവജനങ്ങളും സ്വന്തമായി ഒരു ബൈബിൾ കൈവശം വയ്ക്കുകയും വചനം വായിച്ചുകൊണ്ട് ഓരോ ദിവസവും ആരംഭിക്കുകയും ചെയ്യുന്ന ഒരു നല്ല ശീലം വളർത്തിയെടുക്കണം.

2. **ജീവന്റെ അപ്പം:** സ്വർഗീയ അപ്പമായ ക്രിസ്തു അരുളിചെയ്തു: "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (യോഹ 6:51). ക്രിസ്തുവുമായി താദാത്മ്യപ്പെടാൻ വി. കുർബാ

നയെപ്പോലെ മറ്റൊന്നില്ല. കുർബാന സ്വീകരണത്തിലൂടെ ക്രിസ്തുവിന്റെ ശരീര-രക്തങ്ങൾ നമ്മുടെ ജീവന്റെ ഭാഗമാവുകയാണ്. വി. കുർബാന സ്വീകരിക്കുന്ന വ്യക്തി കൃപയുടെ അനിർഗളമായ പ്രവാഹത്തിലാണ് എത്തിച്ചേരുന്നത്. അതുകൊണ്ടാണ്, കൂദാശകളിൽ യുവജനങ്ങൾ സജീവമായി പങ്കെടുക്കണമെന്ന് സഭ നിഷ്കർഷിക്കുന്നത്.

പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഒരുക്കമായുള്ള ഈ ആരാധനാ വർഷത്തിൽ, ദൈവാരാധനയിൽ സജീവമായി യുവജനങ്ങൾ പങ്കുചേരേണ്ടതിന്റെ ആവശ്യകത നിങ്ങളെ ഞാൻ പ്രത്യേകം അനുസ്മരിപ്പിക്കുകയാണ്. ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം സ്ഥാപിതമാക്കാൻ തിരുസഭ തന്നെ നമുക്ക് ക്രമീകരിച്ചിരിക്കുന്ന മാധ്യമമാണ് ആരാധന. ഓരോ ആരാധന ആഘോഷവും കൃപാഭിഷേകത്തിന്റെ അവസരമാണ്. കൃപയുടെ അഭിഷേകത്തിന്റെ ദിവ്യമായ അവസരങ്ങളായ കൂദാശകൾക്ക് ആരാധനയിൽ സവിശേഷമായ സ്ഥാനമുണ്ട്. ഓരോ കൂദാശയും കൃപ പ്രവഹിപ്പിക്കുന്ന നീർച്ചാലായതിനാൽ അതിൽ പങ്കുചേരുന്നവർ കൃപയാൽ പൂരിതരാകുന്നു. പ്രിയ യുവജനങ്ങളെ, വി. കുർബാനയിൽ നിരന്തരം പങ്കെടുക്കാനും മുടക്കം കൂടാതെ വി. കുമ്പസാരം നടത്താനുമുള്ള നിഷ്ഠ നിങ്ങൾക്ക് ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവം ഉദ്ബോധിപ്പിക്കുന്നു. ആരാധനാകേന്ദ്രീകൃതമായ ഒരു വിശ്വാസ ജീവിതം പടുത്തുയർത്താൻ നിങ്ങൾ പ്രത്യേകം പരിശ്രമിക്കണം.

നിർമ്മിത ബുദ്ധിയും യുവജനങ്ങളും

നിർമ്മിത ബുദ്ധി (Artificial Intelligence) മനുഷ്യനെ അമ്പരപ്പിക്കുന്ന ഒരു കാലഘട്ടമാണിത്. സങ്കീർണമെന്ന് കരുതിയിരുന്ന മേഖലകളിലൊക്കെ നിർമ്മിത ബുദ്ധിയുടെ കടന്ന് വരവ് ഇന്ന് മനുഷ്യജീവിതത്തെ ആയാസരഹിതമാക്കിയിരിക്കുന്നു. എന്നാൽ, നിർമ്മിത ബുദ്ധി (AI) മനുഷ്യബുദ്ധിക്ക് പകരമാകുമോ? പരി. ലെയോ മാർപാപ്പാ വളരെ സ്പഷ്ടമായി പ്രഖ്യാപിച്ചു, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരിക്കലും മനുഷ്യബുദ്ധിക്ക് പകരമല്ല. മനുഷ്യ ബുദ്ധിയുടെ ഒരു ഉൽപന്നമായ നിർമ്മിത ബുദ്ധിയുടെ പരിമിതികളെക്കുറിച്ച് മാർപാപ്പാ പറയുന്നു: "നിർമ്മിത ബുദ്ധി എന്ന് അറിയപ്പെടുന്നതിന് അനുഭവ ജ്ഞാനമില്ല, ശരീരമില്ല, സന്തോഷമോ വേദനയോ അനുഭവിക്കുന്നില്ല, ബന്ധങ്ങളിലൂടെ പക്വതപ്രാപിക്കുന്നില്ല, സ്നേഹം, തൊഴിൽ, സൗഹൃദം, ഉത്തരവാദിത്വം എന്നിവ എന്താണെന്ന് അതിൽതന്നെ അറിയുന്നില്ല" (*Magnifica Humanitas,* no. 99). അതായത്, ശരീരവും മനസ്സും ആത്മാവുള്ള മനുഷ്യന് പകരം വയ്ക്കാവുന്നതല്ല നിർമ്മിത ബുദ്ധി. എന്നാൽ,

മനുഷ്യബുദ്ധിയെ കൂടുതൽ ഉത്തേജിപ്പിച്ച് വിപ്ലവകരമായ സാധ്യത കളിലേയ്ക്ക് നയിക്കാനുള്ള ചവിട്ടുപടിയാക്കി അവയെ നാം പ്രയോ ജനപ്പെടുത്തണം.

ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഓട്ടോമേഷനും തൊഴിലവ സരങ്ങൾ ഇല്ലാതാക്കുന്ന ഇക്കാലത്ത് ഇന്നത്തെ യുവജനങ്ങൾക്ക് തൊഴിലിനും നിലനിൽപ്പിനും മത്സരിക്കേണ്ടിവരുന്നതും എ.ഐ.യോ ടാണ്. അതുകൊണ്ടുതന്നെ മനസ്സിനെ കൂടുതൽ ഏകാഗ്രമാക്കി ആഴത്തിലുള്ള പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ലക്ഷ്യബോധത്തോടെ സമയം ഉപയോഗിക്കാൻ യുവജനങ്ങൾ ഏറെ പരിശ്രമിക്കേണ്ടതുണ്ട്.

ഡിജിറ്റൽ അച്ചടക്കവും (*Digital Discipline*) യഥാർത്ഥ ബന്ധങ്ങളും

സ്ക്രീനുകൾക്കും വെർച്വൽ ലോകത്തിനും പിന്നിൽ മാത്രം ഒതുങ്ങിപ്പോകാതെ, നല്ല മാനസിക ആരോഗ്യമുള്ള, നല്ല മനുഷ്യബ ന്ധങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന വ്യക്തികളായി മാറാൻ ഒരു ഡിജി റ്റൽ ഡിസിപ്ലിൻ യുവജനങ്ങൾക്ക് അത്യാവശ്യമാണ്. മാതാപിതാക്ക ളോടും സഹോദരങ്ങളോടും ഗുണപരമായി ഇടപഴകാനും, സുഹൃ ത്തുക്കളോടൊപ്പം കളിക്കാനും, സമൂഹത്തിൽ എല്ലാവരോടും നല്ല ബന്ധം സൂക്ഷിക്കാനും നിങ്ങളുടെ സമയം ബോധപൂർവം വിനി യോഗിക്കണം. നിരന്തരമായ പുസ്തക പാരായണത്തിലൂടെ ലഭിക്കുന്ന ജ്ഞാനം നിമിഷനേരംകൊണ്ട് ഓൺലൈനായി നേടുന്ന അറിവിന് തുല്യമല്ലായെന്ന് നാം അറിയണം. വ്യാജവാർത്തകളും കൃത്രിമ വിവ രങ്ങളും നിറഞ്ഞ ഇക്കാലത്ത് സത്യം തിരിച്ചറിയുക എന്നത് വലി യൊരു വെല്ലുവിളിയാണ്. ലഭിക്കുന്ന വിവരങ്ങളെ അന്ധമായി വിശ്വ സിക്കാതെ, നന്മതിന്മകൾ തിരിച്ചറിയാനുള്ള ആത്മീയ വിവേചനബുദ്ധി (Spiritual Intelligence) യുവജനങ്ങൾ ആർജ്ജിച്ചെടുക്കണം. സമൂഹ ത്തിൽ സമാധാനവും നീതിയും ഉറപ്പാക്കാൻ സത്യസന്ധമായ വിവര ങ്ങൾ പങ്കുവയ്ക്കാൻ നാം തയ്യാറാകണം.

ഇടവകയുടെ കരുതലും യുവജന കൂട്ടായ്മകളും

നമ്മുടെ യുവജനങ്ങളെ ആത്മീയമായി അനുധാവനം ചെയ്യുന്ന ബഹു. വികാരിയച്ചന്മാർക്കും സന്യസ്തർക്കും ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു. ദൈവാലയ കൂട്ടായ്മയിൽ നിന്നും മാറി നടക്കുന്ന യുവജനങ്ങളെ പ്രത്യേകം പരിഗണിക്കുകയും അവരെ ചേർത്തു നിർത്താൻ പരിശ്രമിക്കുകയും വേണം. ആത്മവിശ്വാസത്തോടെ അവരുടെ വിചാര-വികാരങ്ങൾ പങ്കുവയ്ക്കാൻ കഴിയുന്ന ഒരു ഹൃദയ അടുപ്പം അജപാലകരെന്ന നിലയിൽ നാം സൃഷ്ടിക്കേണ്ടതുണ്ട്. കാല ഘട്ടത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് യുവജനങ്ങളെ ക്രിസ്തു വിന്റെ മനോഭാവത്തിലേയ്ക്കും, സഭാത്മക ബോധത്തിലേയ്ക്കും

വളർത്താൻ യുവജന ശുശ്രൂഷയിലായിരിക്കുന്ന ഏവരും ഒരുമിച്ച് പരിശ്രമിക്കേണ്ടതാണ്. നേരിട്ടും ഓൺലൈൻ സാധ്യതകൾ ഉപയോഗിച്ചും യുവജന കൂട്ടായ്മ വളർത്താൻ ബോധപൂർവമായ പരിശ്രമം അനിവാര്യമാണ്. യുവജന ശുശ്രൂഷയിൽ നാം ക്രിയാത്മകമായി നടത്തുന്ന പ്രവർത്തനങ്ങൾ സഭയുടെയും സമൂഹത്തിന്റെ ഭാവിയിലേയ്ക്കുള്ള ഉറച്ച ചുവടുവയ്പുകളാണ്.

ഈ യുവജനദിനം നമുക്കേവർക്കും പുതിയൊരു ആത്മീയ നവീകരണത്തിന് തുടക്കമാകട്ടെയെന്ന് ആശംസിക്കുന്നു. ദൈവകൃപയും അനുഗ്രഹവും നിങ്ങളുടെ ഓരോരുത്തരുടെയും കൂടെ ഉണ്ടായിരിക്കട്ടെ.

സ്നേഹത്തോടെ നിങ്ങളുടെ സഹയാത്രികൻ,

+ Mar Alexios

✠ **യൂഹാനോൻ മാർ അലക്സിയോസ്**
തിരുവനന്തപുരം മേജർ അതിഭദ്രാസന
സഹായ മെത്രാൻ &
യുവജനങ്ങൾക്ക് വേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

21-09-2026
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B: ഈ സർക്കുലർ ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്. യുവജനദിനത്തിലെ സ്തോത്രകാഴ്ച സഭയുടെ യുവജന ശുശ്രൂഷയ്ക്കായി അതാതു ഭദ്രാസന കാര്യാലയത്തിലെത്തിക്കേണ്ടതാണ്.